# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 589 — 27.10.2011 ൽ മറുപടിയ്ക്ക്

## നബാർഡ് പുനർവായ്പാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. എം. എ. ബേബി<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. പി. റ്റി. എ. റഹീം | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയിൽ നബാർഡിന്റെ പുനർവായ്പ വിതരണം കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കാർഷിക മേഖലയിൽ നബാർഡിന്റെ പുനർവായ്പ വിതരണം കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അതിനുള്ള മുഖ്യകാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) പരിശോധിച്ചിട്ടുണ്ട്.<br>ഹ്രസ്വകാല കാർഷിക വായ്പാ മേഖലയിലെ അപ്പക്സ് ബാങ്കായ സംസ്ഥാന സഹകരണ ബാങ്ക് വഴിയാണ് ഹ്രസ്വകാല കാർഷിക വായ്പാ വിതരണം ചെയ്യുന്നതിനുള്ള പുനർവായ്പ നബാർഡ് നൽകി വരുന്നത്. എന്നാൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11 (1) പാലിക്കാനാകാത്ത സാഹചര്യത്തിൽ 2009-10 വർഷം മുതൽ സംസ്ഥാനത്ത് കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്യുന്നതിനുള്ള പുനർവായ്പ നബാർഡിൽ നിന്നും ലഭ്യമാകുന്നില്ല. |

| | |
|---|---|
| (സി) പ്രസ്തുത പുനർവായ്പാ വ്യവസ്ഥകൾ വിശദമാക്കാമോ; | (സി) പുനർവായ്പ ലഭിക്കുന്നതിന് ആപ്പക്സ് ബാങ്കായ സംസ്ഥാന സഹകരണ ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ സെക്ഷൻ 11 (1) പാലിച്ചിരിക്കണമെന്നതാണ് മുഖ്യവ്യവസ്ഥ. തൻവർഷം നൽകിയ കാർഷിക വായ്പകൾക്ക് മാത്രമേ പുനർവായ്പ ലഭിക്കുകയുള്ളൂ എന്നും മുൻവർഷത്തെ ആഡിറ്റ് പൂർത്തിയാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് പാലിക്കാത്ത സാഹചര്യത്തിൽ ടി സെക്ഷനിൽ നിന്നും ഇളവ് ലഭിച്ചിരിക്കണം.<br>നിഷ്ക്രിയ ആസ്തി 10% വരെയാണെങ്കിൽ 45% വും നിഷ്ക്രിയ ആസ്തി 10% ത്തിന് മുകളിലാണെങ്കിൽ 40 ശതമാനവും പുനർവായ്പ ലഭിക്കും. |
| (ഡി) ഇതിൽ സംസ്ഥാന താല്പര്യത്തിന് യോജിക്കാത്ത എന്തെങ്കിലും വ്യവസ്ഥയുണ്ടോ; | (ഡി) നബാർഡ് പുനർവായ്പയ്ക്ക് മാനദണ്ഡങ്ങൾ/ വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുള്ളത് പൊതുവായിട്ടാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയും മേഖലയുടെ വിസ്തൃതിയും പ്രവർത്തനവും കണക്കിലെടുത്തുകൊണ്ടല്ല. സംസ്ഥാന സഹകരണ ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ സെക്ഷൻ 11 (1) പാലിക്കാനാകാത്തതിനാൽ ഗവൺമെന്റ് ഗ്യാരന്റി നൽകുകയോ അല്ലെങ്കിൽ ഗവൺമെന്റ് സെക്യൂരിറ്റി പണയപ്പെടുത്തുകയോ വേണമെന്ന വ്യവസ്ഥ, ബാങ്കിന് പണയപ്പെടുത്താൻ ഗവൺമെന്റ് സെക്യൂരിറ്റി ലഭ്യമല്ലാത്ത സാഹചര്യത്തിൽ, പുനർവായ്പ വ്യവസ്ഥകൾ സംസ്ഥാന താൽപര്യത്തിന് യോജിക്കാനാകാത്തതാണ്. |
| (ഇ) അത്തരം വ്യവസ്ഥകൾ മാറ്റി കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) സ്വീകരിച്ചിട്ടുണ്ട്.<br>സംസ്ഥാന സഹകരണ ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ സെക്ഷൻ 11 (1) പാലിക്കാനാകാത്ത സാഹചര്യത്തിൽ ടി |

വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ശുപാർശ ചെയ്തതനുസരിച്ച് 2012 മാർച്ച് 31 വരെ താൽക്കാലിക ഇളവ് അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. അതോടൊപ്പം കൂടുതൽ ഹ്രസ്വകാല കാർഷിക വായ്പാ വിതരണം ചെയ്യുന്നതിന് നബാർഡിൽ നിന്നും പുനർവായ്പ ലഭിക്കുന്നതിനായി ഗവൺമെന്റ് ഗ്യാരന്റി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ച വരുന്നു.

സെക്ഷൻ ഓഫീസർ